Price: Rs. 40 | US $ 4 | DH 10
SR 10 | QR 10 | BD 1 | OR 1

# ആർക്കിടെക്റ്റ്സ്
# ഹോം സ്യൂട്ട്സ്

March 2012 | Vol III | Issue III

AN EXCLUSIVE MAGAZINE BY ARCHITECTS



iafk

AWARD SPECIAL

## പുഴയോരത്തെ അഴകുള്ള വീട്

## അപൂർവം ഈ ഹോങ്കോങ്ങ് വില്ല

## വലതുകാൽ വയ്ക്കും പുതുമകളുമായി സ്റ്റെയർകെയ്സ്

## Island KITCHEN

അടുക്കളയിൽ നിന്നും ഐലന്റിലേക്ക്...



**Ar. Jayadev**
'Architecture Tangible'
Ph- 9846420000
email- jayadev.architect@gmail.com
Award category- Individual
Residence: IIA Gold Leaf Award

# അപൂർവസുന്ദരമീ വീട്

ജോലിക്കാരായ മാതാപിതാക്കളും ഒരു കുട്ടിയുമടങ്ങുന്ന ചെറിയ കുടുംബത്തിന് താമസിക്കുവാൻ വേണ്ടുന്ന സൗകര്യങ്ങളോടെ ക്രമീകരിച്ചിരിക്കുന്ന ഈ വീടിന്റെ ഓരോ ഇടവും പ്രകൃതിയോട് തൊട്ടുരുമ്മിയാണ് നിൽക്കുന്നത്.

ഐ.എ.എഫ്.കെ അവാർഡുകളിൽ ജയദേവിനെ വിജയിയാക്കിയത് ഈ വീടാണ്. ഒരു ഉത്തരാധുനിക ശിൽപ്പം പോലെ തോന്നിക്കുന്ന ഇത് ഒട്ടേറെ പ്രത്യേകതകൾ കൊണ്ടാണ് ശ്രദ്ധേയമാകുന്നത്. സാധാരണ കണ്ടുമടുത്ത വീടുകളിൽനിന്ന് വേറിട്ട് മണ്ണിനോടും പ്രകൃതിയോടും ഒത്തിണങ്ങി നിൽക്കുന്ന മാതൃകയിലാണ് ഈ വീട് ഡിസൈൻ ചെയ്തിരിക്കുന്നത്.

ജോലിക്കാരായ മാതാപിതാക്കളും ഒരു കുട്ടിയുമടങ്ങുന്ന ചെറിയ കുടുംബത്തിന് താമസിക്കുവാൻ വേണ്ടുന്ന സൗകര്യങ്ങളോടെ ക്രമീകരിച്ചിരിക്കുന്ന ഈ വീടിന്റെ ഓരോ ഇടവും പ്രകൃതിയോട് തൊട്ടുരുമ്മിയാണ് നിൽക്കുന്നത്. വീട്ടുകാരുടെ ആവശ്യങ്ങളും സൗകര്യവും പരിഗണിച്ച് തയ്യാറാക്കിയ ഈ വീടിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത ഇവിടെയുള്ള 'ഇന്റർലിങ്കിങ്ങ്' സ്പേസാണ്.

മുറികളെ പരസ്പരം ബന്ധിപ്പിക്കുമ്പോഴും അവയുടെ സ്വകാര്യത നഷ്ടപ്പെടുത്താത്തവിധമാണ് ഡിസൈൻ. കിടപ്പു







മുറികൾ അടുപ്പിച്ചാണ് നൽകിയിരിക്കുന്നത്. അതിനോടു ചേർന്നുള്ള ഭാഗം 'യൂട്ടിലിറ്റി സ്പേസാ'യി നൽകിയിരിക്കുന്നു. മാസ്റ്റർ, ഗസ്റ്റ്, കിഡ്സ് ബെഡ്റൂമുകൾ കിഴക്കുഭാഗത്ത് ക്രമീകരിച്ചിരിക്കുന്നു.

കാർപോർച്ചിൽ നിന്നും അകത്തേക്കുള്ള നടപ്പാത പാറക്കല്ലുകൾ ഉപയോഗിച്ച് ഭംഗിവരുത്തിയിരിക്കുന്നു. ഉൾഭാഗത്ത് വലതുവശത്തായി പൂൾ സെറ്റ് ചെയ്തിരിക്കുന്നു. ഫോയറിൽ നിന്നും ടിവി സെറ്റ് ചെയ്തിരിക്കുന്ന മുറിയിലേക്കാണ് എത്തു

വാതിൽ തുറന്നു കടന്നുവരുന്ന അതിഥി കോർട്ട്യാഡിലേക്ക് ആനയിക്കപ്പെടും വിധമാണ് അവിടം. പുറംകാഴ്ച സുഗമമാക്കുവാൻ ഗ്ലാസ് വിൻഡോകളാണ് അധികവും നൽകിയിരിക്കുന്നത്. എന്നാൽ സുരക്ഷയ്ക്കുവേണ്ടി ഗ്ലാസ് ബ്രേക്കിംഗ് സെൻസേഴ്സും പിടിപ്പിച്ചിട്ടുണ്ട്.















ന്നത്. ഈ ഭാഗമാണ് ഈ വീടിന്റെ ഹൃദയമെന്ന് വേണമെങ്കിൽപ്പറയാം. അത്രമേൽ ശ്രദ്ധയോടെയാണ് ഇവിടം ക്രമീകരിച്ചിരിക്കുന്നത്. ഡൈനിങ്ങും കിച്ചണും ടിവി ലോഞ്ചും തമ്മിൽ വേർതിരിവുകളില്ലാതെ സെറ്റ് ചെയ്തിരിക്കുന്നു. വിശാലമായ സ്ഥല സൗകര്യമാണ് ഈ വീടിന്റെ ഓരോ ഏരിയയിലും. വെളുത്ത ചുവരുകളും സീലിങ്ങുമാണ് വീടിന് 'എലഗന്റ്' ലുക്ക് നൽകുന്നത്. വുഡൻ ഫർണീച്ചറുകളാണ് ഡിസൈനർ തെരഞ്ഞെടുത്തത്.

വാതിൽ തുറന്നു കടന്നുവരുന്ന അതിഥി കോർട്ട്യാഡിലേക്ക് ആനയിക്കപ്പെടും വിധമാണ് അവിടം. പുറംകാഴ്ച സുഗമമാക്കുവാൻ ഗ്ലാസ് വിൻഡോകളാണ് അധികവും നൽകിയിരിക്കുന്നത്. എന്നാൽ സുരക്ഷയ്ക്കുവേണ്ടി ഗ്ലാസ് ബ്രേക്കിംഗ് സെൻസേഴ്സും പിടിപ്പിച്ചിട്ടുണ്ട്. ലിവിങ്ങ് ഏരിയയ്ക്കരികിലായി ഒരു 'പൗഡർ റൂം' നൽകിയിരിക്കുന്നു. ഇവിടെ ജയ്സാൽമീർ സ്റ്റോണാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ വീടിന്റെ നിർമ്മാണത്തിൽ ഉപയോഗിച്ച മറ്റൊരു പ്രധാന മെറ്റീരിയൽ കേലചന്ദ്ര പ്ലൈവുഡ് ആണ്.

ഡൈനിങ്ങ് ഏരിയയിൽ ഒരു ഗ്ലാസ് ഡൈനിങ്ങ് ടേബിളാണ് ഉപയോഗിച്ചിരിക്കുന്നത്. ഐലൻഡ് കിച്ചണിൽ നിന്നും വേറിട്ട് ഒരു ഐലൻഡ് കൗണ്ടറാണിവിടെ. സിൽവർ ലാമിനേറ്റഡ് ഫ്രെയിം ഫിനിഷ് ഉള്ള കാബിനറ്റുകളാണ് കിച്ചണിൽ ഉപയോഗിച്ചത്. വർക്ക് ഏരിയയോട് ചേർന്ന് സെർവന്റ്സിനായി ടോയ്‌ലെറ്റ് സൗകര്യം ഒരുക്കിയിട്ടുണ്ട്. മനോഹരമായ വീടിനു മുകളിൽ അതിമനോഹരമായ ഒരു ഗാർഡനും ഉണ്ട്. സ്പൈറൽ സ്റ്റെയറുകളാണ് ഇവിടെ നൽകിയിരിക്കുന്നത്. ലോണിലേക്ക് നീണ്ടു കിടക്കുന്ന ഒരു സ്പെഷ്യൽ ഡെക്കും ഈ വീടിന്റെ പ്രത്യേകതയാണ്. H

ആർക്കിടെക്റ്റ് - **ജയദേവ്**
ലൊക്കേഷൻ - പേട്ട, തൃപ്പൂണിത്തുറ
ആർക്കിടെക്റ്റ് ചോയ്സ് (മെറ്റീരിയൽ) - കേലചന്ദ്ര പ്ലൈവുഡ്
സൈറ്റ് ഏരിയ - 15 സെന്റ്. ബിൽറ്റ് അപ്പ് ഏരിയ - 2300 സ്ക്വയർ ഫീറ്റ്
പ്രൊജക്റ്റ് മാനേജ്മെന്റ് - ഗുഡ് എർത്ത്